**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം**

**തൈക്കാട്, തിരുവനന്തപുരം-14.**

വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം- 0471-2323960

ഇ-മെയിൽ : director.ims@kerala.gov.in,cru.ims@kerala.gov.in

---

**<u>ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടിക്രമം</u>**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - സ്ഥാപനക്കാര്യം- സീനിയർ ക്ലർക്ക്(ഹയർഗ്രേഡ്)-ശ്രീ എസ്.ഹരിശ്ചന്ദ്രൻ പിള്ളയെ വകുപ്പിലെ നിയമ (നോഡൽ) ഓഫീസറായി നിയോഗിച്ച് - ഉത്തരവാകുന്നു.

പരാമർശം:- 1) 24/08/2024 ലെ എ ആർ 13(2)117/2024/ഉഭപവ നമ്പർ സർക്കുലർ

2) സി1 സെക്ഷന്റെ 14/11/2024 ലെ 3764/2024 നമ്പർ കത്ത്

3) 27/11/2024 ലെ LBRD എഫ് -3176/2024/LBRD നമ്പർ സർക്കാർ കത്ത്.

4) 03/12/2011 ലെ ജി.ഒ (പി ) 12/2011/നിയമം നമ്പർ സർക്കാർ ഉത്തരവ്

....................

**<u>ഉത്തരവ് നമ്പർ – ഇ2-4092/2024/ ഡി ഐ എം എസ് തീയതി:10-12-2024</u>**

പരാമർശം(1) സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും സംസ്ഥാന വ്യവഹാര നയത്തിൽ വിശദീകരിക്കുന്നതുമായ കേസുകളുടെ നിരീക്ഷണത്തിനും തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമായി നിലവിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നിയമ (നോഡൽ) ഓഫീസർ ഇല്ല. പരാമർശം(4) പ്രകാരമുള്ള സംസ്ഥാന വ്യവഹാര നയത്തിലെ ഖണ്ഡിക 7 പ്രകാരമുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കാൻ ആവശ്യമായ നിയമപരമായ വിഷയത്തിൽ അവഗാഹമുള്ളതും സ്വന്തമായി തീരുമാനം കൈക്കൊള്ളാവുന്നതും തുടർച്ചയായി വകുപ്പിൽ നിലനിൽക്കുന്നതുമായ ഒരു തസ്തിക വകുപ്പിൽ നിലവിലില്ല. എന്നാൽ ഡയറക്ടറേറ്റിൽ നിലവിൽ സീനിയർ ക്ലർക്ക്(ഹയർഗ്രേഡ്) തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ എസ് ഹരിശ്ചന്ദ്രൻ പിള്ള നിയമ ബിരുദമുളളയാളാണ്. ടിയാന് മറ്റു ചുമതലകൾക്ക് തടസമുണ്ടാകാത്ത രീതിയിലും സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാതെയും നിയമ നോഡൽ ഓഫീസറുടെ ചുമതല നൽകുന്നതിന് പരാമർശം(3) പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള സംസ്ഥാന വ്യവഹാര നയത്തിലെ ഖണ്ഡിക 7 ൽ വിശദീകരിച്ചിട്ടുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിനായി ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്കായ ശ്രീ എസ്.ഹരിശ്ചന്ദ്രൻ പിള്ള-യ്ക്ക് നിലവിലെ ചുമതലകൾക്കു പുറമേ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ നിയമ (നോഡൽ) ഓഫീസറായി നിയോഗിച്ചുകൊണ്ട് കൂടി ഇതിനാൽ ഉത്തരവാകുന്നു.

Signed by
Joan Karen Meyn
Date: 10-12-2024 13:26:54

ഡോ.JOAN KAREN MEYN

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ ഹരിശ്ചന്ദ്രൻ പിള്ള.എസ്

സീനിയർ ക്ലർക്ക് (ഹയർഗ്രേഡ്)

ഡയറക്ടറുടെ കാര്യാലയം

പകർപ്പ്:-

1) സീനിയർ എ ഒ/സീനിയർ എഫ് ഒ/ജോയിന്റ് ഡയറക്ടർ/ഡയറക്ടറുടെ സി എ

2) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,ദക്ഷിണ മേഖല,കൊല്ലം/മദ്ധ്യ മേഖല, എറണാകുളം/ഉത്തര മേഖല കോഴിക്കോട്

3) ഡെപ്യൂട്ടി ഡയറക്ടർ,ആയുർവേദം/ഹോമിയോ

4) എല്ലാ സ്ഥാപന മേധാവികൾക്കും

5) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും

6) ഫയൽ/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്